LIBRARY ARCHIVES Kerala Legislative Assembly

**കുമാരഗിരി എസ്റ്റേറ്റിൽ നിന്നും സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി**

165(4796) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ, മങ്കട, കീഴാറ്റൂർ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന കുമാരഗിരി എസ്റ്റേറ്റിനുവേണ്ടി വ്യാപകമായി സർക്കാർ ഭൂമി കയ്യേറിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തരമായി സർവ്വേ നടപടികൾ നടത്തി സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഏകദേശം 600 ഏക്കറോളം സർക്കാർ ഭൂമി കയ്യേറിയതായി പരാതിയുള്ള കുമാരഗിരി എസ്റ്റേറ്റിൽ നിന്നും സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പരാതിയുണ്ടായിരുന്നു. സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം സ്പെഷ്യൽ സർവ്വേ ടീം പരിശോധിച്ചതിൽ സർക്കാർ ഭൂമി കയ്യേറ്റങ്ങളൊന്നും കണ്ടെത്തിയിട്ടില്ല.

**ദേശീയ ഭൂരേഖ പരിഷ്കരണ പദ്ധതി**

166(4797) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭൂരേഖ പരിഷ്കരണ പദ്ധതിയിൽ (എൻ. ആർ. എം. എൽ.) ഉൾപ്പെടുത്തി ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ജില്ലയിൽ എത്ര ശതമാനം ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ചു എന്ന് വിശദമാക്കുമോ;

(സി) ബാക്കി പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിൽ 2006 കാലഘട്ടത്തിൽ ഭൂവുടമകളിൽ നിന്നും ഡിക്ലറേഷൻ വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ 36 ശതമാനം ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃതവും ഇടർപദ്ധതിയുമായ എൻ.എൽ.ആർ.എം.പി.-യുടെ ഭാഗമായാണ് ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം നടന്നുവരുന്നത്. കേന്ദ്രസർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭിക്കുന്നതിന് അനുസൃതമായാണ് പ്രവൃത്തികൾ നടന്നു വരുന്നത്.

## റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി

167(4798) ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളുടെ ഭൂരേഖകളും (മാപ്പുകളും രജിസ്റ്ററുകളും) കൂടാതെ റീ-സർവ്വേയ്ക്ക് മുമ്പുള്ള ഒറിജിനൽ സർവ്വേ റിക്കാർഡുകളും NLRMP പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം ഡിജിറ്റൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കാലപ്പഴക്കം മൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും ഒറ്റ പ്രതി മാത്രം അവശേഷിക്കുന്നതുമായ വിലയേറിയ സർവ്വേ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുക, സ്കാനിംഗിലൂടെ സംരക്ഷിക്കപ്പെട്ട ഡിജിറ്റൽ മാപ്പുകളെ വെക്ടറൈസേഷൻ എന്ന പ്രക്രിയയിലൂടെ കമ്പ്യൂട്ടറൈസ് ചെയ്യുക, ടി വെക്ടറൈസ്ഡ് മാപ്പുകളെ



LIBRARY ARCHIVES Kerala Legislative Assembly